<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6409</u> <u>20-03-2023 - ൽ മറുപടിയ്ക്ക്</u>

<u>പുനലൂർ മണ്ഡലത്തിലെ ഇടമൺ 34 ലെ ഫോറസ്റ്റ് കോംപ്ലക്സ്</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ നിയോജക മണ്ഡലത്തിലെ ഇടമൺ 34 ലെ ഫോറസ്റ്റ് കോംപ്ലക്സിന്റെ ഉദ്ഘാടനം കഴിഞ്ഞ് ഒന്നര വർഷമായിട്ടും തുറന്നുപ്രവർത്തനം ആരംഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പുനലൂർ നിയോജക മണ്ഡലത്തിലെ പുനലൂർ ഡിവിഷന്റെ പരിധിയിൽ വരുന്ന ഇടമൺ 34 എന്ന സ്ഥലത്ത് അഞ്ചൽ റെയ്ഞ്ചിലെ ആയിരനല്ലൂർ, കരവാളൂർ, കളംകുന്ന് എന്നീ മൂന്ന് ഫോറസ്റ്റ് സെക്ഷനുകൾ ഒരുമിച്ച് സ്റ്റേഷൻ തലത്തിലേയ്ക്ക് കൊണ്ടു വരുന്നതിനുവേണ്ടി ഒരു കെട്ടിടം 2020-21 സാമ്പത്തിക വർഷത്തിൽ നിർമ്മിച്ചിട്ടുള്ളതാണ്. ആയിരനല്ലൂർ ഫോറസ്റ്റ് സ്റ്റേഷന്റെ രൂപീകരണവുമായി ബന്ധപ്പെട്ട ശുപാർശ സർക്കാരിന്റെ പരിശോനയിൽ ആണ്. അഞ്ചൽ റെയ്ഞ്ചിലെ ആയിരനല്ലൂർ സെക്ഷൻ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടം കാലപ്പഴക്കത്താൽ ഉപയോഗ യോഗ്യമല്ലാത്ത അവസ്ഥയിലായതിനാൽ, ടി കെട്ടിടം ആയിരനല്ലൂർ സെക്ഷൻ ഫോറസ്റ്ററുടെ കാര്യാലയമായി നിലവിൽ ഉപയോഗിച്ചു വരുന്നുണ്ട്. ഏരൂർ ഇടമൺ 34 റോഡ് വീതി കൂട്ടുന്ന ജോലികളുമായി ബന്ധപ്പെട്ട് ടി കെട്ടിടത്തിലേയ്ക്കുള്ള വൈദ്യുതി കണക്ഷനും വാട്ടർ സപ്ലൈയും വിഛേദിക്കപ്പെട്ടതിനാൽ ടി കെട്ടിടം കുറച്ചുനാൾ ഉപയോഗിച്ചിട്ടില്ലായിരുന്നു |
| (ബി) | ബീറ്റ് ഫോറസ്റ്റ് സ്റ്റേഷനൊപ്പം വനവിഭവങ്ങൾ ശേഖരിച്ച് വിപണനം നടത്താൻ ലക്ഷ്യമിട്ട് ഇരുപത് ലക്ഷം രൂപ മുടക്കി നിർമ്മിച്ച ഫോറസ്റ്റ് കോംപ്ലക്സ് കെട്ടിടം തുറന്ന് പ്രവർത്തിപ്പിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ? | (ബി) | പുനലൂർ നിയോജക മണ്ഡലത്തിലെ പുനലൂർ ഡിവിഷന്റെ പരിധിയിൽ വരുന്ന ഇടമൺ 34 എന്ന സ്ഥലത്ത് അഞ്ചൽ റെയ്ഞ്ചിലെ ആയിരനല്ലൂർ, കരവാളൂർ, കളംകുന്ന് എന്നീ മൂന്ന് ഫോറസ്റ്റ് സെക്ഷനുകൾ ഒരുമിച്ച് സ്റ്റേഷൻ തലത്തിലേയ്ക്ക് കൊണ്ടു വരുന്നതിനുവേണ്ടി ഒരു കെട്ടിടം 2020-21 സാമ്പത്തിക വർഷത്തിൽ നിർമ്മിച്ചിട്ടുള്ളതാണ്. ആയിരനല്ലൂർ ഫോറസ്റ്റ് സ്റ്റേഷന്റെ രൂപീകരണവുമായി ബന്ധപ്പെട്ട ശുപാർശ സർക്കാരിന്റെ പരിശോനയിൽ ആണ്. അഞ്ചൽ റെയ്ഞ്ചിലെ ആയിരനല്ലൂർ സെക്ഷൻ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടം കാലപ്പഴക്കത്താൽ ഉപയോഗ യോഗ്യമല്ലാത്ത |

| | | | |
|---|---|---|---|
| | | | അവസ്ഥയിലായതിനാൽ, ടി കെട്ടിടം ആയിരനല്ലൂർ സെക്ഷൻ ഫോറസ്റ്ററുടെ കാര്യാലയമായി നിലവിൽ ഉപയോഗിച്ചു വരുന്നുണ്ട്. ഏരൂർ ഇടമൺ 34 റോഡ് വീതി കൂട്ടുന്ന ജോലികളുമായി ബന്ധപ്പെട്ട് ടി കെട്ടിടത്തിലേയ്ക്കുള്ള വൈദ്യുതി കണക്ഷനും വാട്ടർ സപ്ലൈയും വിച്ഛേദിക്കപ്പെട്ടതിനാൽ ടി കെട്ടിടം കുറച്ചുനാൾ ഉപയോഗിച്ചിട്ടില്ലായിരുന്നു |

സെക്ഷൻ ഓഫീസർ